**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4554** — **10-08-2021 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പ് സംസ്ഥാനം/ജില്ലാടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. വകുപ്പ വഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും പ്രയോജനം മങ്കട മണ്ഡലത്തിലെ ഗുണഭോക്താക്കൾക്കും ലഭിച്ചിട്ടുണ്ട്. എന്നാൽ മണ്ഡലാടിസ്ഥാനം/ പഞ്ചായത്ത് തലത്തിലുള്ള വിവരങ്ങൾ പ്രത്യേകമായി ശേഖരിച്ചിട്ടില്ല. |
| (ബി) | വിവിധ ധനസഹായ പദ്ധതികളിലൂടെ എത്ര തുക വിനിയോഗിച്ചു; പദ്ധതി തിരിച്ച് ഗുണഭോക്താക്കളുടെ എണ്ണം ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (ബി) | സാമൂഹ്യനീതി വകുപ്പ് സംസ്ഥാനം/ജില്ലാടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. വകുപ്പ വഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും പ്രയോജനം മങ്കട മണ്ഡലത്തിലെ ഗുണഭോക്താക്കൾക്കും ലഭിച്ചിട്ടുണ്ട്. എന്നാൽ മണ്ഡലാടിസ്ഥാനം/ പഞ്ചായത്ത് തലത്തിലുള്ള വിവരങ്ങൾ പ്രത്യേകമായി ശേഖരിച്ചിട്ടില്ല. |
| (സി) | മണ്ഡലത്തിലെ വിവിധ അങ്കണവാടികളുടെ നവീകരണത്തിനായി സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ? | (സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

മണ്ഡലത്തിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ 41-ാം നമ്പർ അങ്കണവാടി ചായം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് വനിതാ ശിശുവികസന വകുപ്പ് 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകൾ അങ്കണവാടി നവീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു,

മങ്കട ഗ്രാമപഞ്ചായത്തിലെ സെന്റർ നം.1, 6, 8, 25 എന്നിവയ്ക്ക് 2 ലക്ഷം രൂപാ വീതവും സെന്റർ നമ്പർ 15 ന് 3,00,000 രൂപയും ചെലവഴിച്ച് നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ സെന്റർ നം. 34, 54 എന്നീ അങ്കണവാടികളുടെ നവീകരണത്തിന് 2,50,000/- രൂപ വീതവും സെന്റർ നമ്പർ 55 ന് 1,50,000/- രൂപയും കടവൂർ അങ്കണവാടിക്ക് 75,000/- രൂപയും സെന്റർ നമ്പർ 44, 46, 56 എന്നീ അങ്കണവാടികൾക്ക് 1,00,000/- രൂപാ വീതവും വിനിയോഗിച്ച് നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സെന്റർ നം.61 ന് കുടിവെള്ളം ലഭ്യമാക്കുന്നതിന് ജലനിധിയുടെ ഭാഗമായി നിർമ്മാണപ്രവർത്തനം നടന്നുവരുന്നു.

മക്കരപറമ്പ് ഗ്രാമപഞ്ചായത്തിലെ സെന്റർ നം.76 വൈദ്യുതീകരിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

കുറുവ ഗ്രാമപഞ്ചായത്തിലെ സെന്റർ നം. 84, 105, 107, 117 എന്നീ അങ്കണവാടികൾ 8,46,000/- രൂപ ചെലവഴിച്ച് നവീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സെന്റർ നം.116 ലെ വൈദ്യുതീകരണ നടപടികൾ പൂർത്തിയായിവരുന്നു.

മൂർക്കനാട് ഗ്രാമപഞ്ചായത്തിലെ സെന്റർ നം. 128, 132, 138, 127, 151, 153, 147, 142, 148, 130 എന്നീ 10 അങ്കണവാടികൾ 8 ലക്ഷം രൂപാ ചെലവിൽ നവീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസനപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സെന്റർ നം. 155 വൈദ്യുതീകരിക്കുന്നതിനുള്ള പ്രോജക്ടും സമർപ്പിച്ചിട്ടുണ്ട്. സെന്റർ നം.154 ന് വൈദ്യുതീകരണത്തിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിലെ സെന്റർ നം.171 ന്റെ നവീകരണത്തിനും സെന്റർ നം. 182, 184 എന്നീ അങ്കണവാടികളുടെ വൈദ്യുതീകരണത്തിനും പ്രോജക്ട് തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ സെന്റർ നം.9 ന് 2,50,000/- രൂപയുടെയും സെന്റർ നം 11, 23, 24 എന്നിവയ്ക്ക് 2,00,000/- രൂപയുടെയും സെന്റർ നം. 15, 21 എന്നിവയ്ക്ക് 1,50,000/- രൂപയുടെയും സെന്റർ നം. 30, 38 എന്നിവയ്ക്ക് 1 ലക്ഷം രൂപയുടെയും നവീകരണ പദ്ധതി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്.